**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1026** **27-07-2021 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ നെൽകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ എത്ര ഹെക്ടർ നെൽകൃഷി ഉണ്ടെന്ന വിവരം നൽകാമോ; | (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ 869 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നു. |
| (ബി) | നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് മണ്ഡലത്തിൽ ആവിഷ്കരിച്ചിട്ടുള്ളത്; ഇവയുടെ കണക്ക് നൽകാമോ; | (ബി) | നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നെൽകൃഷി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, ജനകീയാസൂത്രണ പദ്ധതികൾ എന്നിവ വഴി ആനുകൂല്യം നൽകി വരുന്നുണ്ട്. കൂടാതെ കർഷകർ ഉത്പാദിപ്പിച്ച നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരണം നടത്തി വരുന്നു. നെൽകൃഷി വികസന പദ്ധതിയിലെ ഘടകമായ സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഹെക്ടറിന് 5500 രൂപയും രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി ഹെക്ടറിന് 3000 രൂപയും ഉഴവുകൂലിയായി ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് 17,000/- രൂപയും, ഉത്പാദന ബോണസ് ഇനത്തിൽ ഹെക്ടറൊന്നിന് 1,000/- രൂപയും ഓരോ വിളകൾക്കും സബ്സിഡി നൽകി വരുന്നുണ്ട്. |
| (സി) | മണ്ഡലത്തിലെ നെൽകൃഷി നാശത്തെക്കുറിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമാണോ; എങ്കിൽ എത്രയാണ് എന്ന് അറിയിക്കാമോ? | (സി) | ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പുസാമ്പത്തിക വർഷം വിരിപ്പ് സീസണിൽ 2.4 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയ്ക്ക് നാശം സംഭവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ